# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ഒക്ടോബർ 16** <br> **October 16** | **2018** |

***1193 കന്നി 30 ചൊവ്വ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

### ഡിജിറ്റൽ ഫിലിം മേക്കിംഗ് കോഴ്സ്

കെൽട്രോൺ നോളഡ്ജ് സെൻ്ററിൽ ഈ മാസം 24 ന് ആരംഭിക്കുന്ന ഡിജിറ്റൽ ഫിലിം മേക്കിംഗ്, ഗ്രാഫിക് ഡിസൈൻ, ഓഡിയോ&വീഡിയോ എഡിറ്റിംഗ് എന്നീ കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷ 22 ന് മുൻപ് ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരം ksg.keltron.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ 0469 2785525 , 2975525 , 8078140525. (പിഎൻപി 3375/18)

### തൊഴിലധിഷ്ഠിത കോഴ്സുകൾ

പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ & സേഫ്റ്റി എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരം കെൽട്രോൺ നോളെഡ്ജ് സെൻ്റർ, ഗവ. ഐ.ടി.ഐ, ചെന്നീർക്കര,പത്തനംതിട്ട എന്ന വിലാസത്തിൽ ലഭിക്കും. ഫോൺ: 8606139232/ 8075759481.

(പിഎൻപി 3376/18)

### ശിശുദിനം വിപുലമായ പരിപാടികളോടെ ആഘോഷിക്കും

ജില്ലയിൽ ശിശുദിനാഘോഷം ജില്ലാ ഭരണകൂടത്തിൻ്റെയും ജില്ലാശിശുക്ഷേമ സമിതിയുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിപാടികളുടെ ഏകോപനത്തിനായി സംഘാടകസമിതികൾ രൂപീകരിക്കാൻ എഡിഎം പി.ടി എബ്രഹാമിൻ്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺ

ഫറൻസ് ഹാളിൽ ചേർന്ന ആലോചനായോഗം കൺവീനർമാർക്ക് നിർദേശം നൽകി. നവംബർ 14ന് രാവിലെ എട്ടിന് കളക്ടറേറ്റ് അങ്കണത്തിൽ ജില്ലാ പോലീസ് മേധാവി ടി. നാരായണൻ ശിശുദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് പതാക ഉയർത്തും. പത്തനംതിട്ട നഗരസഭ ചെയർപേഴ്സൺ അഡ്വ.ഗീതസുരേഷ് കുട്ടികളുടെ റാലി ഫ്ളാഗ്ഓഫ് ചെയ്യും.

ജില്ലാതല മത്സരത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ പ്രധാനമന്ത്രി റാലിക്ക് നേതൃത്വം നൽകും. രാവിലെ ഒമ്പതിന് പത്തനംതിട്ട തൈക്കാവ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ശിശുദിനാഘോഷ സമ്മേളനം ആരംഭിക്കും. കുട്ടികളുടെ സ്പീക്കർ അധ്യക്ഷത വഹിക്കുകയും കുട്ടികളുടെ പ്രധാനമന്ത്രി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്യും. ജില്ലാ കളക്ടർ പി.ബി നൂഹ് ശിശുദിന സന്ദേശം നൽകും. വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യും.

ശിശുദിനാഘോഷത്തിന്റെ ഭാഗമായി രൂപീകരിക്കുന്ന സംഘാടകസമിതിയുടെ ചെയർമാൻ മുനിസിപ്പാലിറ്റികളിൽ മുനിസിപ്പൽ ചെയർമാനും ബ്ലോക്കുകളിൽ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റും ആയിരിക്കും. സംഘാടക സമിതിയുടെ കൺവീനർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ ആയിരിക്കും. ഈമാസം 20 ന് മുമ്പ് സംഘാടകസമിതികൾ ചേരണമെന്ന് എഡിഎം അറിയിച്ചു. 28 ന് മുമ്പായി ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ ക്രെഷെ, അംഗൻവാടി, നഴ്സറി കുട്ടികളുടേയും സ്കൂൾ കുട്ടികളുടേയും കലാ സാഹിത്യ മത്സരങ്ങൾ നടത്തണം. ബ്ലോക്ക്/മുനിസിപ്പൽ തല മത്സര വിജയികളായ കുട്ടികളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് കൺവീനർമാർ 31ന് വൈകിട്ട് മൂന്നിന് മുമ്പായി കളക്ടറേറ്റിലെ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ) ഓഫീസിൽ നൽകണം. ഈ മത്സരങ്ങളുടെ ഒന്നാം സമ്മാനാർഹരെ പങ്കെടുപ്പിച്ചുകൊണ്ട് നവംബർ നാലിന് രാവിലെ 10 മുതൽ തൈക്കാവ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ജില്ലാതല മത്സരങ്ങൾ നടത്തും. മലയാള പ്രസംഗ മത്സരത്തിൽ എൽ.പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർഥി/വിദ്യാർഥിനി ആയിരിക്കും കുട്ടികളുടെ പ്രധാനമന്ത്രി ആകുക. യു.പി. വിഭാഗത്തിൽ നിന്നും മലയാള പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർഥി/വിദ്യാർഥിനി കുട്ടികളുടെ സ്പീക്കറും ആകും. അങ്കണവാടി/നഴ്സറി/ക്രെഷ് കുട്ടികൾക്കായി പാട്ട്, ആക്ഷൻ സോംഗ്, നാടോടി നൃത്തം (സിംഗിൾ, ഗ്രൂപ്പ്), കഥപറയൽ എന്നീ ഇനങ്ങളും എൽപി,യുപി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് പ്രസംഗം (മലയാളം/ഇംഗ്ലീഷ്), ശാസ്ത്രീയസംഗീതം, ലളിതഗാനം, ദേശഭക്തിഗാനം, ഉപന്യാസം (മലയാളം) എന്നീ ഇനങ്ങളിലുമാണ് മത്സരങ്ങൾ നടത്തുക. ഹൈസ്കൂൾ വിഭാഗത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം നടത്തും.

ജില്ലാ ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി. പൊന്നമ്മ, വൈസ് പ്രസിഡന്റ് പ്രൊഫ. കെ. മോഹൻകുമാർ, ജോയിന്റ് സെക്രട്ടറി എം.എസ്. ജോൺ, ട്രഷറർ ആർ. ഭാസ്കരൻ നായർ, എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രൊഫ.ടി.കെ.ജി. നായർ, പ്രൊഫ.എ.കെ. ശ്രീകുമാർ, സരസമ്മ നടരാജൻ, വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ.ഗോപി, എഡിസി ജനറൽ വിമൽ രാജ്, വിവിധ വകുപ്പ് പ്രതിനിധികൾ തുടങ്ങിയവർ ആലോചനായോഗത്തിൽ പങ്കെടുത്തു. (പിഎൻപി 3377/18)

## പേ വിഷ നിർമാർജന കുത്തിവയ്പ് 22ന്

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ജനകീയാസൂത്രണ പദ്ധതി പ്രകാരം 22ന് പേവിഷ നിർമാർജന കുത്തിവയ്പ് നടത്തും. പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 3378/18)

## ദേശി ഡിപ്ലോമ കോഴ്സ് ഉദ്ഘാടനം 20ന്

ആത്മ പത്തനംതിട്ടയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ കാർഷിക ഉത്പാദന ഉപാധി

കൾ വിപണനം ചെയ്യുന്നവർക്കുള്ള കാർഷിക വിജ്ഞാന വ്യാപന ഒരു വർഷ ഡിപ്ലോമ കോഴ്സിന്റെ (ദേശി) ഉദ്ഘാടനം ഈ മാസം 20ന് രാവിലെ 10ന് പന്തളം കർഷക പരിശീലന കേന്ദ്രത്തിൽ ചിറ്റയം ഗോപകുമാർ എംഎൽഎ നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കും. പന്തളം നഗരസഭാധ്യക്ഷ ടി.കെ.സതി മുഖ്യപ്രഭാഷണം നടത്തും. പഠനസാമഗ്രികളുടെ വിതരണം പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മടീച്ചർ നിർവഹിക്കും. കാർഷിക ഉത്പാദന ഉപാധികൾ വിതരണം ചെയ്യുന്ന 40 വ്യാപാരികൾക്ക് പരിശീലനം നൽകും.

(പിഎൻപി 3379/18)

## ശബരിമല: യോഗം ഇന്ന് (17)

ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവ കാലയളവിൽ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ഇന്ന് (17) രാവിലെ 11ന് ദേവസ്വം മന്ത്രിയുടെ അധ്യക്ഷതയിൽ സന്നിധാനത്ത് യോഗം ചേരും.

(പിഎൻപി 3380/18)

## ഉപഭോക്തൃ തർക്കപരിഹാരഫോറത്തിലെ വനിതാ അംഗത്തിന്റെ നിയമനത്തിന് അപേക്ഷിക്കാം

കാസർഗോഡ് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ (വനിത) തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും 35 വയസോ അതിന് മുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണ നിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ളവരും കഴിവും ആർജവവും ഉള്ളവരുമായിരിക്കണം അപേക്ഷകർ. നിയമന കാലാവധി അഞ്ച് വർഷം വരെയോ 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആയിരിക്കും. അപേക്ഷാ ഫോറത്തിന്റെ മാതൃക ജില്ലാ കളക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസിലും ജില്ലാ ഉപഭോക്തൃതർക്കപരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും.

ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതമുള്ള അപേക്ഷ ഈ മാസം 25ന് മുമ്പ് ജില്ലാ കളക്ടർക്ക് നൽകണം. സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റ് ചെലവുകളോ അനുവദിക്കുന്നതല്ല. (പിഎൻപി 3381/18)

## അങ്കണവാടി വർക്കർ, ഹെൽപ്പർ തസ്തികകളിലേക്ക് അപേക്ഷിക്കാം

പറക്കോട് അഡീഷണൽ ശിശുവികസന പദ്ധതി ആഫീസിന്റെ പരിധിയിലുള്ള അടൂർ മുനിസിപ്പാലിറ്റിയിലെയും, ഏറത്ത്, കടമ്പനാട്, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലെയും അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർ തസ്തികകളിലേക്ക് അതത് പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലെ സ്ഥിരതാമസക്കാരായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വർക്കർ തസ്തികയിലേക്ക് എസ്എസ്എൽസി പാസായിരിക്കണം. ഹെൽപ്പർ തസ്തികയിലേക്ക് എസ്എസ്എൽസി ജയിച്ചവർ അപേക്ഷിക്കേണ്ടതില്ല. പ്രായം 18നും 46നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 17. കൂടുതൽ വിവരം പറക്കോട് ബ്ലോക്ക് ഓഫീസ് കോംപൗണ്ടിൽ പ്രവർത്തിക്കുന്ന അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. ഫോൺ: 04734 216444. (പിഎൻപി 3382/18)

## ഷോർട്ട് ലിസ്റ്റ്

ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി), എക്സൈസ് ഓഫീസർ (ട്രെയിനി) (ബൈട്രാൻസ്ഫർ) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു. (പിഎൻപി 3383/18)

## അനധികൃത ബോർഡുകൾ നീക്കണം

ഇലന്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനുമതി കൂടാതെ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ, ഹോർഡിങ്ങുകൾ, ബാനറുകൾ എന്നിവ മൂന്ന് ദിവസത്തിനകം നീക്കം ചെയ്യണമെന്നും അല്ലാത്തപക്ഷം അവ പഞ്ചായത്തിന്റെ ചുമതലയിൽ നീക്കം ചെയ്യുന്നതും അതിനുള്ള ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുമെന്നും സെക്രട്ടറി അറിയിച്ചു.

(പിഎൻപി 3384/18)

## പി.ആർ.ലക്ചറർ ഒഴിവ്

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിംഗിൽ ഒരു ലക്ചറർ തസ്തിക ഒഴിവുണ്ട്. കരാർ അടിസ്ഥാനത്തിലാണ് നിയമനം. പബ്ലിക് റിലേഷൻസ് & അഡ്വർടൈസിംഗ് എന്ന വിഷയം ഒരു പേപ്പറായി ഉൾപ്പെട്ട ബിരുദാനന്തര ബിരുദം, അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും പി.ആർ ആൻഡ് അഡ്വർടൈസിംഗിൽ പി.ജി.ഡിപ്ലോമയും ഉള്ളവർക്ക് അപേക്ഷിക്കാം. പി.ആർ, അഡ്വർടൈസിംഗ് എന്നീ മേഖലകളിൽ അഞ്ച് വർഷത്തെ പ്രവൃത്തിപരിചയവും അധ്യാപന പരിചയവും ഉണ്ടായിരിക്കണം. ഫോട്ടോ അടങ്ങിയ വിശദമായ ബയോഡേറ്റയും, സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും അടങ്ങിയ അപേക്ഷ സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി – 30 എന്ന വിലാസത്തിൽ ഈ മാസം 26ന് മുമ്പ് ലഭിക്കണം. ഫോൺ: 0484 2422275; 0484 2422068.

(പിഎൻപി 3385/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ശിശുദിനാഘോഷത്തോടനുബന്ധിച്ച് എഡിഎം പി.ടി എബ്രഹാമിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ആലോചനായോഗം.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 16<br>October 16 | 2018 |
| --- | --- |

*1193 കന്നി 30 ചൊവ്വ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ചൈൽഡ് ലൈൻ ഉപദേശകസമിതിയോഗം ഇന്ന് (17)**

ജില്ലയിലെ പ്രളയബാധിത മേഖലകളിൽ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ സംരക്ഷണത്തിനായി യൂനിസെഫിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളെ പ്പറ്റി ആലോചിക്കുന്നതിനായി ഇന്ന് (17) ഉച്ചയ്ക്ക് രണ്ടിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചൈൽഡ് ലൈൻ ഉപദേശകസമിതി യോഗം ചേരും. എഡിഎം പി.റ്റി.എബ്രഹാം അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി സബ്ജഡ്ജ് ആർ.ജയകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. (പിഎൻപി 3385/18)

**ആസൂത്രണ സമിതിയോഗം 23ന്**

ജില്ലാ ആസൂത്രണ സമിതിയോഗം ഈ മാസം 23ന് ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 3386/18)

**പുരുഷ നഴ്സുമാരെ ആവശ്യമുണ്ട്**

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടന കാലയളവിൽ ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ പമ്പ മുതൽ സന്നിധാനം വരെ തുടങ്ങാൻ ഉദ്ദേശിക്കുന്ന അടിയന്തര വൈദ്യസഹായ കേന്ദ്രങ്ങളിലേക്ക് ആറ് പുരുഷ നഴ്സുമാരെ ആവശ്യമുണ്ട്. നവംബർ 15 മുതൽ ജനുവരി 21 വരെയാണ് സേവന കാലാവധി. അംഗീകൃത കോളേജിൽ നിന്ന് ജനറൽ നഴ്സിംഗ് അല്ലെങ്കിൽ ബി.എസ്.സി നഴ്സിംഗ് പാസായവരും

കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളവരുമായിരിക്കണം. മുൻവർഷങ്ങളിൽ ഈ സേവനം നടത്തിയിട്ടുള്ളവർക്ക് മുൻഗണന. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പും മുൻ ജോലി പരിചയ സർട്ടിഫിക്കറ്റുകൾ സഹിതം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസിൽ നവംബർ മൂന്നിന് രാവിലെ 10ന് ഹാജരാകണം. ഫോൺ: 9495549794. (പിഎൻപി 3387/18)

## ദർഘാസ് നൽകാം

ഈ വർഷത്തെ ശബരിമല തീർഥാടന കാലയളവിൽ ആവശ്യമായി വരുന്ന ഓക്സിജൻ സിലിണ്ടറുകൾ നിറയ്ക്കുന്നതിനും വാങ്ങുന്നതിനും ദർഘാസ് നൽകാം. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി നവംബർ 14. ഫോൺ: 0468 2222642.

(പിഎൻപി 3388/18)

## തരിശുരഹിത ആറന്മുള : പന്നിവേലിച്ചിറ പാടശേഖരത്ത് വിത്ത് വിതച്ചു

ആറന്മുളയെ തരിശുരഹിത ഗ്രാമമാക്കുന്നതിന്റെ ഭാഗമായി മല്ലപ്പുഴശേരി ഗ്രാമപഞ്ചായത്തിലെ പന്നിവേലിച്ചിറ പാടശേഖരത്ത് വിത്ത് വിതച്ചു. വീണാജോർജ് എംഎൽഎ വിത്ത് വിതയ്ക്കൽ കർമ്മം നിർവഹിച്ചു. കഴിഞ്ഞവർഷം 32 ഹെക്ടറിൽ കൃഷിയിറക്കിയിരുന്നതെങ്കിൽ ഈ വർഷം നാല് ഹെക്ടർ കൂടി അധികമായി ചേർത്താണ് കൃഷിയിറക്കിയിരിക്കുന്നു. നാല് മാസത്തിനുള്ളിൽ വിളവെടുപ്പ് നടത്താൻ സാധിക്കുന്ന രീതിയിലാണ് ഇവിടെ നെൽവിത്ത് വിതച്ചിരിക്കുന്നത്.

പഞ്ചായത്തിലെ മറ്റ് പാടശേഖരങ്ങളായ തെച്ചിക്കാവിലും പുന്നയ്ക്കാടും ഉടൻ തന്നെ കൃഷിയിറക്കും. പുന്നയ്ക്കാട്ട് കഴിഞ്ഞ വർഷം പത്ത് ഹെക്ടർ സ്ഥലത്താണ് കൃഷിയിറക്കിയിരുന്നത്. ഈ വർഷം രണ്ട് ഹെക്ടർ കൂടി അധികമായെടുത്ത് കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് മല്ലപ്പുഴശേരി കൃഷി ഓഫീസർ ബീനാവർഗീസ് പറഞ്ഞു.

തെച്ചിക്കാവിൽ കഴിഞ്ഞ വർഷം അഞ്ച് ഹെക്ടറിൽ കൃഷിയിറക്കിയിരുന്നു. ഈ വർഷവും അഞ്ച് ഹെക്ടറിൽ തന്നെ കൃഷിയിറക്കും. മല്ലപ്പുഴശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതാവിക്രമൻ, വൈസ്പ്രസിഡന്റ് മിനി ജിജിജോസഫ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഗീതാ കൃഷ്ണൻ, മെമ്പർമാരായ ഉഷാകുമാരി, രാഗിണി വിശ്വനാഥ്, റോസമ്മ മത്തായി, എബ്രഹാം, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സാലി തോമസ്, വത്സമ്മ മാത്യു, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ജോർജ് ബോബി, പാടശേഖരസമിതി പ്രസിഡന്റ് സദാനന്ദ പൈ, സെക്രട്ടറി ജോസഫ് തയ്യിൽ, ജോയിന്റ് സെക്രട്ടറി ശമുവേൽ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3389/18)

## നവകേരള നിർമാണം : ഭാഗമായി ആദിവാസി സമൂഹവും

തങ്ങളെ സഹായിച്ച സർക്കാരിന് തങ്ങളാൽ കഴിയുന്ന സഹായം തിരികെ നൽകി കുറുമ്പൻമൂഴി ആദിവാസി സമൂഹം. നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ കുറുമ്പൻമൂഴി കോളനിയിൽ കേരള ഉള്ളാട മഹാസഭയുടെ നേതൃത്വത്തിൽ സമാഹരിച്ച അയ്യായിരത്തിയൊന്ന് രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകിയത്.

പ്രളയം ജില്ലയെ ബാധിച്ചപ്പോൾ തികച്ചും ഒറ്റപ്പെട്ട പ്രദേശമായിരുന്നു കുറുമ്പൻമൂഴി കോളനി. ഉരുൾപെട്ടൽ ഭീതിയിൽ 130ഓളം വരുന്ന കുടുംബങ്ങൾ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. ഒരാഴ്ച പെയ്തിറങ്ങിയ കനത്ത മഴയിൽ ഇവരുടെ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. പുറംലോകത്ത് നിന്നും ഒറ്റപ്പെട്ട് കഴിഞ്ഞിരുന്ന ഇവർക്ക് ആദ്യ സഹായവുമായി എത്തിയത് ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിലുള്ള സംഘമായിരുന്നു. ഭക്ഷണവും വസ്ത്രവും ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ഇവർക്കായി എത്തിച്ച ജില്ലാ ഭരണകൂടത്തോടുള്ള ആദരവിന്റെ ഭാഗമായാണ് തങ്ങളുടെ നിത്യചെലവുകളിൽ നിന്നും മിച്ചംപിടിച്ച തു

ക സമാഹരിച്ച് പ്രളയബാധിത കേരളത്തിന്റെ പുനർനിർമാണത്തിന്റെ ഭാഗമാകാൻ ഇവർ എത്തിയത്. തദ്ദേശഭരണസ്ഥാപനത്തിനും സംഘടനകൾക്കുമൊക്കെ പ്രളയശേഷമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി ഇവർ സംഭാവനകൾ നൽകിയിരുന്നു.

കോളനിയിലെ വിധവയായ ശാന്തമ്മ പ്രളയബാധിതരായവർക്കായി ഭൂമിയും നൽകിയിരുന്നു. ഊരുമൂപ്പൻ പൊടിയൻകുഞ്ഞൂഞ്ഞിന്റെ നേതൃത്വത്തിലുള്ള സംഘം ജില്ലാ കളക്ടർ പി.ബി നൂഹിന് സംഭാവന കൈമാറി. എം.എം തങ്കപ്പൻ, വിമലാരവി, വിനു കണ്ണൻ എന്നിവരും സന്നിഹിതരായിരുന്നു. (പിഎൻപി 3390/18)

## വഴിവിളക്ക് സ്ഥാപിക്കൽ : എസ്റ്റിമേറ്റ് എടുക്കൽ ആരംഭിച്ചു

വടശ്ശേരിക്കര പഞ്ചായത്തിൽ വഴിവിളക്ക് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എടുക്കൽ കെഎസ്ഇബിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. ഏറെ നാളുകളായി വഴിവിളക്ക് ഇല്ലാത്തതിനാൽ പൊതുജനങ്ങൾക്ക് രാത്രിയാത്ര ഏറെ ദുസഹമായ സാഹചര്യത്തിലാണ് പഞ്ചായത്ത് വഴിവിഴക്ക് സ്ഥാപിക്കുന്നതിനായി മുന്നിട്ടിറങ്ങിയത്.

പതിനഞ്ച് വാർഡുകളിലായി പഞ്ചായത്തിന്റെ 17-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ലൈൻ വലിക്കൽ നടപടികൾ പൂർത്തിയാക്കിയതായി കെ.എസ്.ഇ.ബി അധികൃതർ അറിയിച്ചു. അടുത്ത വാർഷിക പദ്ധതിയിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. ഇത് രണ്ടാഴ്ചയ്ക്കകം പൂർത്തിയാകും. 47 ലക്ഷം രൂപയാണ് പഞ്ചായത്ത് പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നത്. ഡിപിസി അംഗീകാരത്തിലുള്ള പദ്ധതിയാണ് ഇത്.

(പിഎൻപി 3391/18)

## റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൈപ്പുസ്തകം

സമഗ്രശിക്ഷാ അഭിയാൻ ജില്ലയിലെ സ്കൂളുകളിലേക്ക് നിയമിച്ച 108 റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും നിരീക്ഷണം കാര്യക്ഷമമാക്കാനുമായി സംസ്ഥാനതലത്തിൽ തയാറാക്കിയ കൈപ്പുസ്തകത്തിന്റെ വിദ്യാഭ്യാസ ജില്ലാതലപ്രകാശനം പത്തനംതിട്ട ജില്ലാവിദ്യാഭ്യാസഓഫീസർ ജി.ഉഷ നിർവഹിച്ചു. കോന്നി ബി.പി.ഒ എൻ.എസ്.രാജേന്ദ്രകുമാർ കൈപ്പുസ്തകം ഏറ്റുവാങ്ങി. കോഴഞ്ചേരി ബി.ആർ.സി യിൽ നടന്ന റിസോഴ്സ് അധ്യാപകരുടെ ഏകദിന ആസൂത്രണ അവലോകനയോഗത്തിലാണ് പുസ്തകത്തിന്റെ പ്രകാശനം നടന്നത്.

വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സേവനം നൽകുന്നതിനായാണ് റിസോഴ്സ് അധ്യാപകരെ നിയമിച്ചിരിക്കുന്നത്. രണ്ട് സ്കൂളുകളിലായാണ് റിസോഴ്സ് അധ്യാപകർ സേവനം നൽകേണ്ടത്. ആഴ്ചയിലൊരുദിവസം ശയ്യാവലംബികളായ കുട്ടികൾക്കും അവരെ പരിചരിക്കുന്നവർക്കും വീട്ടിൽ എത്തി ആവശ്യമായ പരിശീലനം നൽകും. ഇതുകൂടാതെ ഒഴിവുസമയങ്ങളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തും. കൈപ്പുസ്തകം ലഭിച്ചതോടെ അവരുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും വിദ്യാഭ്യാസ ഓഫീസർമാർക്ക് നിരീക്ഷണം ഫലപ്രദമാക്കാനും സാധിക്കും. ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ വിജയമോഹൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രോഗ്രാം ഓഫീസർ എ.പി.ജയലക്ഷ്മി , സമഗ്രശിക്ഷാ അഭിയാൻ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായ ജോസ്മാത്യു, എൻ.എസ്.ജയകുമാർ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

(പിഎൻപി 3392/18)

## വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ വിശദമായ നാശനഷ്ടം പ്രത്യേക മൊബൈൽ ആപ് വഴി രേഖപ്പെടുത്തുന്നു

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ജില്ലയിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങളു

ടെയും വ്യാപാരസ്ഥാപനങ്ങളുടെയും നാശനഷ്ട കണക്ക് വ്യവസായ വാണിജ്യ വകുപ്പ് പ്രത്യേകം തയാറാക്കിയ മൊബൈൽ ആപ് വഴി ശേഖരിക്കുന്നു. 390 വ്യവസായ സ്ഥാപന ങ്ങളുടെയും 2100ൽപരം വരുന്ന വ്യാപാര സ്ഥാപനങ്ങളുടെയും കണക്കെടുപ്പ് ഇന്ന് (17) തുടങ്ങും. 196 കോടി രൂപയുടെ നഷ്ടമാണ് ഈ മേഖലയിൽ പ്രാഥമികമായി വിലയിരുത്തി യിട്ടുള്ളത്. ഓരോ സ്ഥാപനത്തിന്റെയും വിശദമായ വിവരങ്ങൾ ശേഖരിക്കുന്നത് വഴി ഈ മാസത്തോടെ കൃത്യമായ നാശനഷ്ടം കണക്കാക്കുവാൻ കഴിയും. ഈ മാസം 31 വരെ സർവെ തുടരും. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് താലൂക്ക് വ്യവസായ ഓഫീസു മായി ബന്ധപ്പെടണമെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു. ഫോൺ: 0468 2214639, 2212219. (പിഎൻപി 3393/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ആറന്മുളയെ തരിശുരഹിത ഗ്രാമമാക്കുന്നതിന്റെ ഭാഗമായി മല്ലപ്പുഴശേരി ഗ്രാമപഞ്ചാ യത്തിലെ പന്നിവേലിച്ചിറ പാടശേഖരത്ത് വീണാജോർജ് എംഎൽഎ വിത്ത് വിതയ്ക്കു ന്നു.
2) സമഗ്രശിക്ഷാ അഭിയാൻ തയാറാക്കിയ കൈപ്പുസ്തകത്തിന്റെ വിദ്യാഭ്യാസ ജില്ലാതല പ്രകാശനം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**